ഒരു ഇൻസ്റ്റാൾമെൻറ് യൂട്ടിലൈസ് ചെയ്തു കഴിഞ്ഞാൽ രണ്ടാമത്തെ ഇൻസ്റ്റാൾമെൻറ് കൊടുക്കാമെന്നുള്ളതിന് കാരണമുണ്ട്. ഇത് ആദ്യം തുടങ്ങിയപ്പോൾ ഗുരുപയോഗപ്പെടുത്തുന്ന ചില കാര്യങ്ങൾ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുകയും. അതിനെത്തുടർന്ന് അതൊഴിവാക്കാൻവേണ്ടി ചെയ്തതാണ്. പക്ഷേ അതുകൊണ്ട് ഗുണഭോക്താക്കൾക്ക് പ്രത്യേക പ്രയാസമുള്ളതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളിലെല്ലാം തക്കതായ നടപടികളെടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: പട്ടികജാതിക്കാരായിട്ടുള്ള കുട്ടികൾക്ക് എസ്. എസ്. എൽ. സി. പാസ്സായിരിക്കണമെന്നുള്ള നിർബന്ധം മാറ്റിയിട്ട് എസ്. എസ്. എൽ. സി. പാസ്സാകാത്തവർക്ക് കൂടി കൊടുക്കണം., കാരണം മലബാർ ഭാഗത്തൊക്കെ എസ്. എസ്. എൽ. സി. വരെ പഠിക്കാത്ത കുട്ടികളാണ് കൂടുതലും ഉള്ളത്. അതുകൊണ്ട് പാസ്സാകാത്തവർക്ക്കൂടി കൊടുക്കാനുള്ള ഒരു ഭേദഗതിയെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, അതു ബഹുമാനപ്പെട്ട മെമ്പറുടെ ഒരു നിർദ്ദേശമാണ്. കേന്ദ്രഗവൺമെൻറ് പറഞ്ഞത് ഈ സ്കീമിൽ എസ്. എസ്. എൽ. സി. പാസ്സായവരും, 18 വയസ്സിനും, 35 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവരും, തൊഴിലില്ലാത്തവരും പ്രതിവർഷം 10,000 രൂപയിൽ കുറവ് വരുമാനമുള്ളവരും ആയിരിക്കണമെന്നുള്ള നിബന്ധനകളാണ്. അത് കേന്ദ്രഗവൺമെൻറ് തീരുമാനിച്ചതാണ്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ ഉച്ചകഴിഞ്ഞ് നാലുമണിക്ക് വീണ്ടും സമ്മേളിക്കാനായി 1.26-ന് പിരിഞ്ഞു.)

(സഭ ഉച്ചയ്ക്കുശേഷം 4 മണിക്ക് നിയമസഭാ സ്പീക്കർ ശ്രീ. വി. എം. സുധീരൻറെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും സമ്മേളിച്ചു)

IX. നിയമനിർമ്മാണകാര്യം

(1) 1986-ലെ നഗരാസൂത്രണനിയമങ്ങൾ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെൻറ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച 9-ാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം: ഞാൻ പിന്താങ്ങുന്നു.

Shri K. Muhammed Ali: Sir, I move that the Town Planning Laws (Amendment) Bill, 1986 be circulated for eliciting public opinion till 30-11-1986.

സർ, ഇവിടെ കൊണ്ടുവന്ന ഓർഡിനൻസ് റീപ്ലേസ് ചെയ്യുവാനുദ്ദേശിച്ചുകൊണ്ടുള്ള ഈ നിയമനിർമ്മാണത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഈ നിയമനിർമ്മാണത്തെ സ്വാഗതം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്തെ നഗരങ്ങളെ സംബന്ധിച്ചിടത്തോളം സമഗ്രമായ വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ പര്യാപ്തമായ രീതിയിൽ ഈ നിയമം കൂടുതൽ നല്ലരീതിയിൽ പാകപ്പെടുത്തിയെടുക്കേണ്ടതാണെന്നു സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്നു നമ്മുടെ സംസ്ഥാനത്തു പല നഗരങ്ങളിലും നഗരവികസന അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇൻഡ്യയിലെ മറ്റു പല പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായ സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്ന കാര്യം എടുത്തുപറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ജനസാന്ദ്രതയുടെ കാര്യത്തിലും മൂവിസ്തൃതിയുടെ കാര്യത്തിലും വികസന പദ്ധതികൾ ഏറെറടുത്തു നടപ്പിലാക്കുവാൻ വളരെയേറെ പ്രതിസന്ധികളും തടസ്സങ്ങളുമുള്ള സംസ്ഥാനമാണ് നമ്മുടേത്. മൊത്തത്തിൽ നാഗരിക സ്വഭാവമുള്ള മറ്റു സംസ്ഥാനങ്ങളിലെ പ്രദേശങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്തെ കണ്ടുകൊണ്ടുവേണം നഗരവികസന രംഗത്തു ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ. ഇന്നു കേരളത്തിൽ പ്രവർത്തിക്കുന്ന നഗരവികസന അതോറിറ്റികൾക്ക് തന്നെ എത്രത്തോളം നല്ലരീതിയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യത്തെക്കുറിച്ചുകൂടി ഈ സന്ദർഭത്തിൽ ആലോചിക്കുന്നത് ഭാവിയിൽ ഫലപ്രദമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്നു കേരളത്തിലെ പ്രധാനപ്പെട്ട നഗരവികസന അതോറിറ്റികൾ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റിയും ട്രിവാൻഡ്രം ഡെവലപ്പ്മെൻറ് അതോറിറ്റിയും കോഴിക്കോട് നഗരവികസന അതോറിറ്റിയുമാണ്. മറ്റു നഗരങ്ങൾക്കുവേണ്ട വികസന അതോറിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ടെങ്കിൽത്തന്നെയും പ്രാഥമികദശ കടക്കുവാൻ കഴിയാതെ നിൽക്കുകയാണ്. വിഭവസമാഹരണ രംഗത്തു അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള ഏകോപിതമായ പ്രവർത്തനം ഇല്ലാത്തതുമൂലം ഇന്നു വികസന അതോറിറ്റികൾക്ക് കാര്യമാത്രമായ രീതിയിൽ പ്രവർത്തിച്ചു മുന്നോട്ടുപോകുവാൻ കഴിയാതെ പോകുന്നു. വികസന അതോറിറ്റി രൂപീകരിച്ച കാലഘട്ടത്തിൽ അതിനെക്കുറിച്ചുണ്ടായിരുന്ന സങ്കൽപ്പങ്ങളിൽ നിന്നു വ്യത്യസ്തമായ സാഹചര്യമാണ് ഇന്നു നിലനിൽക്കുന്നതെന്ന കാര്യത്തെക്കുറിച്ചു നാം ആലോചിക്കേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റി ആദ്യം ടൗൺ പ്ലാനിംഗ് ട്രസ്റ്റ് ആയിരുന്നു. അതു മാറി ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിച്ച സന്ദർഭത്തിലുണ്ടായിരുന്ന വിവിധ ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള ഏകോപിതമായ പ്രവർത്തനം ഇന്നു ഈ മേഖലയിലുണ്ടോയെന്ന കാര്യം ഗൗരവമായി പരിശോധിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകേണ്ടതായിട്ടുണ്ട്. ഇന്ന് ഏതെങ്കിലുമൊരു ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു അതോറിറ്റി എന്ന നിലയിലേക്ക് അതോറിറ്റികൾ തരംതാഴുന്നു. അതോറിറ്റിയെക്കുറിച്ചുള്ള പ്രതീക്ഷകൾക്കും അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച സമയത്തുള്ള സങ്കൽപ്പങ്ങൾക്കും വ്യത്യാസം വന്നു എന്നുള്ളതാണ് വസ്തുത. ഇന്നു ഡെവലപ്പ്മെൻറ് അതോറിറ്റികളെല്ലാം പ്രവർത്തിക്കുന്നത് മറ്റു ധനകാര്യസ്ഥാപനങ്ങളെ ആശ്രയിച്ചാണ്. അതുകൊണ്ട് പരിമിതമായ പദ്ധതികൾ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. ദീർഘകാലാടിസ്ഥാനത്തിൽ നഗരങ്ങളുടെ ഭാവികാല പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് ഒരു നഗരത്തിന് രൂപം കൊടുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഡെവലപ്പ്മെൻറ് അതോറിറ്റികൾ രൂപീകരിച്ചത്. ഇന്ന് ഇത്തരത്തിലുള്ള ഒരു പദ്ധതിയും നടപ്പിലാക്കുവാൻ അതോറിറ്റികൾക്ക് കഴിയാതെ പോകുന്നു. ഇന്ന് ഹഡ്കോ, കേരളാ അർബൻ ഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽനിന്നു പ്രത്യേകം പ്രത്യേകം പദ്ധതികൾക്കുവേണ്ടി ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടുമാത്രമേ ഡെവലപ്പ്മെൻറ് അതോറിറ്റികൾക്ക് പ്രവർത്തിച്ചു മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. ഒരു നഗരത്തെ സംബന്ധിച്ചിടത്തോളം ഭവനനിർമ്മാണ പദ്ധതികളോ ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കുന്നതോ മാത്രമല്ല നഗരത്തിന്റെ മുഖച്ഛായ മാറുന്നതിൽ അനിവാര്യമായിട്ടുള്ളതെന്ന് നമുക്കെല്ലാപേർക്കും അറിയാം.

കൊച്ചി നഗരത്തെക്കുറിച്ചാലോചിക്കുമ്പോൾ ദീർഘകാലാടിസ്ഥാനത്തിൽ കൊച്ചിയുടെ വികസനം മുന്നിൽ കണ്ടുകൊണ്ട് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അതോറിറ്റിക്ക് കഴിഞ്ഞെങ്കിൽമാത്രമേ അതോറിറ്റി രൂപീകരിച്ചതിന്റെ ആവശ്യകത നിറവേറ്റുവാൻ കഴിയുകയുള്ളൂ. അവിടെ ഇന്ന് റോഡുകളുടെ അപര്യാപ്തതയുണ്ട്. കൊച്ചിയുടെ വികസനം മൊത്തത്തിൽ മുന്നിൽ കണ്ടുകൊണ്ട് കൊച്ചിനഗരത്തിന് ഒരു വികസനപദ്ധതി ആവിഷ്കരിച്ചു തയ്യാറാക്കാൻ കഴിയണമെങ്കിൽ അതിന് അനിവാര്യമായ സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാകണം. സാമ്പത്തികസഹായം ഉണ്ടാകണം. ഇന്നു കേരളത്തിന് പുറത്തുള്ള ഡൽഹി ഡെവലപ്പ്മെൻറ് അതോറിറ്റി, ബോംബെ ഡെവലപ്പ്മെൻറ് അതോറിറ്റി മദ്രാസ് ഡെവലപ്പ്മെൻറ് അതോറിറ്റി, ബാംഗ്ലൂർ ഡെവലപ്പ്മെൻറ് അതോറിറ്റി ഹൈദ്രാബാദ് ഡെവലപ്പ്മെൻറ് അതോറിറ്റി തുടങ്ങിയവയുടെയെല്ലാം പ്രവർത്തനത്തിന് അതാത് സംസ്ഥാനഗവൺമെൻറുകളുടെ പൂർണ്ണമായ സഹായവും സാമ്പത്തിക പിൻതുണയും ലഭിക്കുന്നു എന്നു മാത്രമല്ല ലോകബാങ്കിന്റെ സഹായവും വലിയ രീതിയിൽ ഉപയോഗിക്കുവാൻ ആ നഗരങ്ങൾക്ക് കഴിയുന്നുണ്ട്. പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ വേണ്ടി ഇത്തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ സമാഹരിക്കുവാനും അത് ഉപയോഗിക്കുവാനും കഴിയണം. ഇന്നു ഡെവലപ്പ്മെൻറ് അതോറിറ്റികൾക്കു പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു ഡെവലപ്പ്മെൻറ് അതോറിറ്റി രൂപീകരിക്കുമ്പോൾ ആ നഗരത്തിന്റെ പ്രത്യേകതയും സവിശേഷതകളും ഉൾക്കൊള്ളുവാൻ തയ്യാറാകണം. നമ്മുടെ സംസ്ഥാനത്ത് ഇതിനുമുമ്പ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിറ്റിക്ക് പ്രത്യേകമായ ആക്റ്റാണ് നിലവിലുണ്ടായിരുന്നത്. ഇന്ന് ഈ പുതിയ മാറ്റം വന്നതോടുകൂടി കേരളത്തിലെ എല്ലാ നഗരങ്ങൾക്കും ഏകോപിതമായ നിയമമാണ് ഉണ്ടായിരിക്കുന്നത്. അങ്ങനെ നിയമമുണ്ടാകുമ്പോൾ നമുക്ക് ആർക്കും എതിർപ്പില്ല. അങ്ങനെ നിയമമുണ്ടാകുമ്പോൾ ഓരോ പ്രദേശത്തിനേറെയും പ്രത്യേകതകൾ ഓരോ പ്രദേശത്തിനും ലഭ്യമാകേണ്ട പരിഗണനകൾ ഇവ ഉൾക്കൊള്ളാൻ കഴിയാതെപോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. വസ്തുത. എറണാകുളം നഗരത്തിലേയും കൊച്ചി നഗരത്തിലേയും വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ അതിന്റെ നിക്ഷിപ്തമായ ഘടകങ്ങളെക്കുറിച്ച് നാം ആലോചിക്കണം. കൊച്ചിൻ കോർപ്പറേഷൻ, ജില്ലാഭരണകൂടം, പോർട്ട് ട്രസ്റ്റ്, വിവിധ ഡിപ്പാർട്ടുമെൻറുകൾ എന്നീ ഘടകങ്ങൾ തമ്മിലുള്ള ഏകോപിതമായ പ്രവർത്തനത്തിൽക്കൂടി മാത്രമേ കൊച്ചി പ്രദേശത്ത് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെയുള്ള ഏകോപിതമായ പ്രവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ട് ഇന്ന ഗ്രോറർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി ദീർഘകാലമായി രൂപീകരിക്കപ്പെട്ടിട്ടുള്ള പല പദ്ധതികളും കടലാസ്സിൽ സ്ഥാനം പിടിക്കുന്നതാഴിച്ചാൽ, അത് പ്രാവർത്തികമാക്കുവാൻ കഴിയാതെപോകുന്നു.

ഉദാഹരണമായി പറഞ്ഞാൽ, എറണാകുളം നഗരത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമായിട്ടുള്ള ഒരു പദ്ധതിയാണ് കർ—ഇളംകുളം—കടവന്ത്ര റോഡ്. ഈ റോഡ് എറണാകുളം നഗരത്തിലെ തെരക്കു കുറയ്ക്കുവാനായി എം. ജി. റോഡിനു പാരലലായിട്ടു നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. അന്നു നടന്ന ഒരു കോൺഫറൻസിൽവച്ച്, ഗ്രോറർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ, ഗവൺമെൻറിന്റെ സഹകരണത്തോടുകൂടി പൊതുമരാമത്തുവകുപ്പും ഗ്രോറർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയും സർക്കാരും ഉൾപ്പെടുള്ളുന്ന ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുവാനാണ് തീരുമാനിച്ചത്. അതിനുവേണ്ടിയുള്ള ഭൂമി അക്വയർചെയ്തു പൊതുമരാമത്തു വകുപ്പിനെ ഏൽപ്പിക്കുവാനും തീരുമാനിക്കുകയുണ്ടായി. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്വിസിഷൻ നടപടികൾ പൂർത്തിയായി. ഇന്നു അക്വയർചെയ്ത സ്ഥലത്തിനു പണം കൊടുക്കുവാനുള്ള ബാദ്ധ്യതയിൽനിന്നു പൊതുമരാമത്തുവകുപ്പു മാറിനിൽക്കുകയാണ്. അവർക്ക് അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഉത്തരവാദിത്വമില്ലെന്നാണ് പറയുന്നത്. അതോറിറ്റിക്ക് റോഡുണ്ടാകണമെങ്കിൽ അവർ പണമുണ്ടാക്കി, പണംകൊടുത്ത് സ്ഥലംവാങ്ങി റോഡു നിർമ്മിക്കട്ടെയെന്നാണ് പൊതുമരാമത്തു വകുപ്പു പറയുന്നത്. അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഗവൺമെൻറിന്റെ മറ്റു ഡിപ്പാർട്ടുമെൻറുകൾ ഉത്തരവാദിത്വമില്ലാതെ മാറിപ്പോകുന്നുവെന്നുള്ള ചിത്രം കാണാൻ കഴിയും.

അതുപോലെ എറണാകുളം നഗരത്തിലെ ഷൺമുഖം റോഡിൽ മറൈൻ ഡ്രൈവ് സ്കീം വന്നപ്പോൾ, ഒരു പാരലൽ റോഡുണ്ടാക്കുവാനുള്ള ഉത്തരവാദിത്വം ഗ്രോറർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റി ഏറ്റെടുത്തപ്പോൾ അതിന് അനിവാര്യമായ ഒരു ചെറിയ പാലം പി. ഡബ്ലിയു. ഡി. ആണ് നിർമ്മിക്കേണ്ടത്. ആ റോഡുണ്ടാക്കുകയും ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയും ചെയ്തിട്ടും നിർഭാഗ്യവശാൽ ആ പാലം നിർമ്മിക്കുവാൻ കഴിയാതെ വന്നിരിക്കുന്നു. ഇങ്ങനെ വളരെയേറെ ഉദാഹരണങ്ങൾ എടുത്തുപറയുവാൻ കഴിയും. ഈ രംഗത്ത് വിവിധവകുപ്പുകളുടെ ഏകോപിതമായ പ്രവർത്തനം നിയമപരമായി ഉണ്ടാകത്തക്കവിധത്തിൽ ആക്ടിൽ വ്യവസ്ഥചെയ്തുകൊണ്ട് മുന്നോട്ടു പോയാൽ മാത്രമേ നാം ഇന്ന് രൂപീകരിച്ചിരിക്കുന്ന അതോറിറ്റികളുടെ പ്രവർത്തനം ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ഇന്ന് അതോറിറ്റികൾക്ക് ഗവൺമെൻറു നൽകുന്ന ഗ്രാൻറുകളെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗ്രോറർ കൊച്ചിൻ

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്പ്മെൻറ് അതോറിറ്റിയെയും തിരുവനന്തപുരം ഡവലപ്പ്മെൻറ് അതോറിറ്റിയെയും കോഴിക്കോട് ഡവലപ്പ്മെൻറ് അതോറിറ്റിയെയും പ്രത്യേകമായി നാം കാണേണ്ടതാണ്. ഈ അതോറിറ്റികൾക്ക് നൽകുന്ന സാമ്പത്തികസഹായത്തെക്കുറിച്ച് പറയുമ്പോൾ, കാലാകാലങ്ങളിൽ ബഡ്ജറ്റിൽ ചെറിയ അതോറിറ്റികൾക്ക് കൊടുക്കുന്ന സഹായത്തിനു തുല്യമായ സഹായം ഈ അതോറിറ്റികൾക്ക് കൊടുക്കാറുണ്ട്. ആ സമീപനം, മാറിവച്ചുകൊണ്ട് ഈ അതോറിറ്റികളിൽ നടക്കുന്ന ബൃഹത്തായ പദ്ധതികളുടെ ഗൗരവവും പ്രത്യേകതയും സവിശേഷതയുമൊക്കെ ഉൾക്കൊണ്ടുകൊണ്ട് അതോറിറ്റികൾക്ക് കാര്യമായ സാമ്പത്തികസഹായം ഗവൺമെൻറിൽ നിന്നുണ്ടാകണം. ആ നിലയിലുള്ള സമീപനമുണ്ടായാൽ മാത്രമേ ഈ അതോറിറ്റികളുടെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ. ഇന്ന് നമുക്കറിയാം, ഒരു കോർപ്പറേഷനും അഞ്ചു മുനിസിപ്പാലിറ്റികളും വളരെയേറെ പഞ്ചായത്തുകളും അടങ്ങുന്ന ബൃഹത്തായ ഒരു മേഖലയിലാണ് ഗ്രോവർ കൊച്ചിൻ ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രവർത്തനം നടക്കേണ്ടത്. അങ്ങനെയുള്ള അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ദൈനംദിനകാര്യങ്ങൾ നടത്താൻ പറ്റാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ ഏരിയയിലുമൊക്കെയുള്ള വികസനപ്രവർത്തനങ്ങൾ നടക്കണം. അങ്ങനെ മൊത്തത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. ഇതിനെല്ലാം വിഭവസമാഹരണം ഇല്ലാതെ വന്നിരിക്കുന്നു. ഇന്ന് ഹഡ്കോ നൽകുന്ന സാമ്പത്തിക സഹായമാണെങ്കിൽ അവർ അംഗീകരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കു മാത്രമേ ഉപയോഗപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കേരള അർബൻ ഡവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷനുകൾക്ക് വളരെ പരിമിതമായ സഹായമാണ് അതോറിറ്റികൾക്ക് നൽകാൻ കഴിയുന്നത്. ഇത്രയേറെ പ്രതികൂലമായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടാണ് ഇന്ന് ഡവലപ്പ്മെൻറ് അതോറിറ്റികൾ പ്രവർത്തിക്കുന്നത്. ഈ വകുപ്പിന്റെ ചുമതല ഏറെടുത്തിരിക്കുന്ന വളരെ ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ നടപ്പിലാക്കുവാൻ സമർത്ഥനായ, ശ്രീ. കെ. എം. മാണി ഈ അതോറിറ്റിയുടെ രൂപീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചുമൊക്കെ വളരെ ഗൗരവമായി മനസ്സിലാക്കുകയും അതിന് പര്യാപ്തമായ രീതിയിൽ നിയമനിർമ്മാണം കൊണ്ടുവരുന്നതോടൊപ്പം ഈ കാര്യങ്ങളെല്ലാം നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

ഇന്ന് ഡവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രവർത്തനത്തെക്കുറിച്ച് ആലോചിക്കുന്ന സന്ദർഭത്തിൽതന്നെ നഗരങ്ങളുടെ ഭാവികാല ആവശ്യകതയെക്കുറിച്ചുമെല്ലാം ആലോചിക്കേണ്ടതാണ്. ഇന്ന് മറ്റ് പ്രധാനപ്പെട്ട നഗരങ്ങളുമായി ഡൽഹി ഡവലപ്പ്മെൻറ് അതോറിറ്റിയെ നമുക്ക് ഒരിക്കലും താരതമ്യപ്പെടുത്താൻ കഴിയില്ല. ഡൽഹി ഡവലപ്പ്മെൻറ് അതോറിറ്റിക്ക് ആവശ്യമായ സ്ഥലം ഗവൺമെൻറാണ് നൽകിയിട്ടുള്ളത്. അവർക്ക് സ്ഥലം ഏറെടുക്കേണ്ടിവരുന്നില്ല. എന്നാൽ ബോംബെ ഡവലപ്പ്മെൻറ് അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അവർ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളും നമുക്ക് സ്വീകരിക്കാൻ കഴിയുന്നതാണ്. ഇന്ന് അവിടെയുള്ള തെരക്ക് കുറയ്ക്കുവാനും ബുദ്ധിമുട്ടുകൾ തരണം ചെയ്യുവാനും വേണ്ടി ബോംബെ നഗരത്തെ ഒരു പ്രത്യേക പ്രദേശത്തെയ്ക്ക്, വളരെ മാർഷിയായിട്ടുള്ള, ജനങ്ങൾ താമസിക്കാതെ കിടക്കുന്ന ഏരിയയിലേയ്ക്ക് മാറ്റി ഒരു ഉപനഗരമുണ്ടാക്കുവാനുള്ള തീവ്രമായ ശ്രമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

എർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ജനസാന്ദ്രതയുള്ള മേഖലയിൽത്തന്നെ ഭൂമി അപഹയർ ചെയ്യാനും നടപ്പിലാകാത്ത പദ്ധതികൾ അവിടെ കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി, ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ, കൂടുതൽ വികസനത്തിനു സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അവിടെ റോഡുകളും പാലങ്ങളും മറ്റും ഉണ്ടാക്കി ആ പ്രദേശങ്ങൾ ഡവലപ്പ് ചെയ്യണം. ഇന്ന് സ്വാഭാവികമായും നമ്മുടെ നഗരങ്ങളിൽ തെരക്കുണ്ടാക്കുന്ന രീതിയിൽ സ്ഥാപനങ്ങൾ കേന്ദ്രീകരിക്കുന്ന എർപ്പാടാണുള്ളത്. ഇങ്ങനെ തിരക്കുണ്ടാക്കുന്ന സ്ഥാപനങ്ങളെ പ്രത്യേകമായി വികേന്ദ്രീകരിച്ച് ഉപനഗരങ്ങളിലേയ്ക്ക് മാറ്റിയാൽ നമ്മുടെ നഗരങ്ങളിലെ തിരക്കു കുറയ്ക്കുവാൻ സാധിക്കും. ദീർഘകാല വീക്ഷണത്തോടുകൂടി ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച്, അംഗീകാരം കൊടുത്ത്, സാമ്പത്തികസഹായം നൽകി, നടപ്പിലാക്കണം. അതിന് ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സഹായം ലഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടാക്കിക്കൊണ്ട് ഗവൺമെൻറ് ഡവലപ്പ്മെൻറ് അതോറിറ്റികളെ സംരക്ഷിക്കുവാൻ തയ്യാറാകുകയാണെങ്കിൽ നാം പ്രതീക്ഷിക്കുന്ന കാര്യങ്ങൾ ഇന്ന് നടപ്പിലാക്കുവാൻ കഴിയുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്നിവിടെ കൊണ്ടുവന്നിരിക്കുന്ന പുതിയ നിയമത്തിൽത്തന്നെ കുറെ പോരായ്മകളുണ്ട്. ആ പോരായ്മകൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വരുമ്പോൾ മാറിവരുമെന്നാണ് ഞാൻ കരുതുന്നത്. അതോറിറ്റിയുടെ അംഗീകാരം, ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള ഏകോപിതമായ പ്രവർത്തനത്തിനനുകൂലമായ പശ്ചാത്തലം ഇതെല്ലാം ഉണ്ടാക്കിക്കൊണ്ട് അതോറിറ്റികൾക്ക് പ്രത്യേകമായ സ്വാതന്ത്ര്യസ്വഭാവം കൊടുത്തുകൊണ്ട് മുന്നോട്ടു പോവുകയാണെങ്കിൽ നമ്മുടെ നഗരങ്ങളുടെ ഭാവി കൂടുതൽ സവിശേഷമായ രീതിയിൽ രൂപപ്പെടുത്തുവാൻ കഴിയും. അതിന് ഈ നിയമനിർമ്മാണം സഹായകരമായിത്തീരട്ടെയെന്നു ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

''1986–ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണം''.

ഇവിടെ ഡവലപ്പ്മെൻറ് അതോറിറ്റിയെ സംബന്ധിക്കുന്ന ചില വകുപ്പുകൾ ഭേദഗതിചെയ്യാനുള്ള ഈ നിയമത്തെക്കുറിച്ച് പറയുമ്പോൾ, ഇന്ന് ഡവലപ്പ്മെൻറ് അതോറിറ്റികൾ ഏതാണ്ട് 'മലർപ്പൊടി ചുമക്കുന്ന നമ്പൂതിരി'യുടെ കഥ പറഞ്ഞതുപോലെയായിത്തീർന്നിരിക്കുന്നു. കയ്യിൽ ഒരുപാട് പദ്ധതികളുണ്ട്. പക്ഷേ അതൊന്നും നടപ്പിലാക്കുന്നതിന് അരപൈസപോലും കയ്യിലില്ലാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇത് ഡവലപ്പ്മെൻറ് അതോറിറ്റികളുടേയും നഗരങ്ങളുടേയും പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. എന്നു മാത്രമല്ല, ഡവലപ്പ്മെൻറ് അതോറിറ്റിക്കളൊക്കെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ബുദ്ധിമുട്ടായിത്തീരുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. ഉദ്ദേശിച്ച യാതൊരു പ്രവർത്തനങ്ങളും ചെയ്യാൻ സാധിക്കുന്നില്ല. വല്ല പ്രവർത്തനവും ആരെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ അതിന് ശ്രീ മുഹമ്മദാലി പറഞ്ഞതുപോലെ നഗരസഭകളുടേയും ഡവലപ്പ്മെൻറ് അതോറിറ്റികളുടേയും ഏകീകരണമില്ലായ്മകൊണ്ടുണ്ടാകുന്ന പ്രയാസങ്ങളുണ്ട്. ഈ സ്ഥിതിവിശേഷ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് ശ്രദ്ധിക്കപ്പെടേണ്ട ഒരു വലിയ കാര്യമാണ്. അതിന്റെ ഫലമായിട്ട് ഡവലപ്പ്മെന്റ് അതോറിറ്റികളുടെ നിലനിൽപ്പു തന്നെ മാറിയിട്ടുണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്.

സർ, ഈ നിയമത്തിലുള്ള ഒന്നോ രണ്ടോ വകുപ്പുകൾക്ക് ഭേഗതി ഉണ്ടായില്ല. എന്റെ അഭിപ്രായത്തിൽ സമൂലമായ പരിവർത്തനം വരുത്താതെ വയ്യ എന്ന സ്ഥിതിവിശേഷം കേരളത്തിലുണ്ടായിട്ടുണ്ട്. നമ്മുടെ നഗരങ്ങളിലെ പ്രയാസങ്ങൾ ഏറിയേറി വരികയാണ്. ഏറ്റവും ചുരുങ്ങിയത് അനവധി തവണ വാരാഘോഷങ്ങളും മറ്റും നടത്തിയെങ്കിലും ഇന്നും സ്ലംസ് മുഴുവൻ റിമൂവ് ചെയ്യാൻ നമുക്ക് സാധിച്ചിട്ടില്ല. പല നഗരങ്ങളിലും പൊറ്റപ്പുറകളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ഒരു നഗരത്തെ സംബന്ധിച്ചിടത്തോളവും ഒരു സിവിൽ ലൈസ്ഡ് കമ്മ്യൂണിറ്റിയെ സംബന്ധിച്ചിടത്തോളവും അപമാനകരമായ സ്ലംസിന്റെ എണ്ണം പോലും വർദ്ധിച്ചുവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ പല പദ്ധതികളും ഉണ്ടായിട്ടുപോലും ഈ കാര്യത്തിൽ പരിവർത്തനം വരുത്താൻ നമുക്ക് സാധിച്ചിട്ടില്ലെങ്കിൽ ഡവലപ്പ്മെന്റ് അതോറിറ്റികളുടേയും പ്രധാന നഗരസഭകളുടെയും പ്രവർത്തനത്തെക്കുറിച്ച് നമ്മൾ സമൂലം ആലോചിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. നിയമം മാറിയതുകൊണ്ടു മാത്രം ആയില്ല. നമ്മൾ അൽപ്പം പ്രധാനമായി ഈ കാര്യമെടുക്കാതിരുന്നാൽ നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം അനുദിനം കുറഞ്ഞു വരും. അത്രയധികം നമ്മുടെ നഗരങ്ങൾ വിസ്തൃതമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നഗരങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങളും വർദ്ധിച്ചുവരുന്നു. ഈ കാര്യത്തിൽ ഒരു പരിവർത്തനം ഉണ്ടാക്കുവാൻവേണ്ടി ശ്രമിക്കാതെ വയ്യ. നഗരങ്ങളെ സംബന്ധിക്കുന്ന നിയമത്തിൽ സമൂലമായ പരിവർത്തനം ഉണ്ടാക്കാൻ വേണ്ടി അടിയന്തിരമായി ശ്രദ്ധിക്കണം. നഗരസഭകൾക്കും ഡവലപ്പ്മെന്റ് അതോറിറ്റികൾക്കും പ്രവർത്തിക്കാൻ വേണ്ട മൂലധനം ഉണ്ടാക്കുവാൻ വേണ്ടി എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതിന്റെയൊക്കെ ബഡ്ജറ്റ് വളരെ പരിമിതമാണ്. അതുകൊണ്ട് ഒരുവിധത്തിലുള്ള പ്രവർത്തനങ്ങളും ഒരു നഗരത്തിലും നടത്തുവാൻ സാധിക്കുന്നില്ല. അതുകൊണ്ട് അൽപ്പം പണം ചിലവാക്കുവാനുള്ള, ഏതെങ്കിലും ഏജൻസികളിൽ നിന്നും കടമെടുത്ത് പദ്ധതികൾ നടപ്പിലാക്കുവാൻ ഉള്ള പരിപാടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. ഇതുപോലെയുള്ള, വളരെയധികം ശ്രദ്ധ ആകർഷിക്കുവാനുള്ള പല കാര്യങ്ങളിലും ശ്രദ്ധിച്ച് സമൂലമായ മാറ്റങ്ങൾ വരുത്തേണ്ട രംഗങ്ങളാണ് ഇത്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: ടൗൺ പ്ലാനിംഗിനെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ നമ്മുടെ സംസ്ഥാനത്തിലെ ദുഃഖകരമായ അവസ്ഥ ഈ പ്ലാനിംഗ് ജനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിൽ വരുത്തുവാനുള്ള ഏർപ്പാടില്ല എന്നതാണ്. കാരണം ഇന്ന് തിരഞ്ഞെടുക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഒന്നും ഇല്ല. അത് വളരെയേറെ പരിതാപകരമായ സ്ഥിതിയാണ്. അതുകൊണ്ട് ജനങ്ങളെ പ്രതിനിധീകരിക്കുന്ന ആളുകളുടെ സഹകരണമില്ലാത്ത നഗരസഭകളുടെ വികസനമോ ടൗൺ പ്ലാനിംഗോ സാധിക്കുകയില്ല. ജനപ്രതിനിധികളെ രേണം ഏൽപ്പിക്കുന്നതിനുള്ള നടപടികളും അത്തരം

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടെ തീരഞ്ഞെടുപ്പുകളും നടത്തുകയാണ് ഗവൺമെൻറ് ചെയ്യേണ്ടത്. ടൗൺ പ്ലാനിംഗ് എന്നു പറയുമ്പോൾ പട്ടണങ്ങളിലുള്ള വൻകിടക്കാരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? സ്ലംസിന്റെ കാര്യം ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. തിരുവനന്തപുരം കോർപ്പറേഷനിൽ മുമ്പ് ചെറ്റക്കുടിലുകൾ ഒഴിവാക്കാൻ വേണ്ടി കോളനി ഫ്ലാറ്റുകൾ പണിതു. അത്രയെങ്കിലും ചെയ്തതു നന്നായി. അതിനപ്പുറം എവിടെയെങ്കിലും പോയിട്ടുണ്ടോ? എവിടെയും പോയിട്ടില്ല. നമ്മുടെ പട്ടണങ്ങളിലെ പണക്കാരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും റോഡുകളുടെ വീതി കൂട്ടാനും അല്ലെങ്കിൽ അതിനു കിട്ടുന്ന സ്ഥലമെടുത്ത് ലക്ഷക്കണക്കിന് ഉറുപ്പിക കടം കൊടുത്ത് വലിയ പൈസക്കാരുടെയും ഇടത്തരക്കാരുടെയും വീടുകൾ നിർമ്മിക്കുന്നതിനുള്ള സൗകര്യം ചെയ്യാനല്ലാതെ പാവപ്പെട്ടവർക്കുവേണ്ടി എന്തു ചെയ്യുന്നു? ടൗൺ പ്ലാനിംഗ് എന്നു പറയുമ്പോൾ, നമ്മുടെ പട്ടണങ്ങളിലൊക്കെ ഏറ്റവും നരകിക്കുന്നത് പാവപ്പെട്ടവരും ചെറ്റക്കുടിലുകളിൽ താമസിക്കുന്നവരുമാണ്. അവരെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. അവരുടെ കാര്യങ്ങളെപ്പറ്റിയാണ് പരിഗണിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിലേ പ്ലാനിംഗ് നടക്കുകയുള്ളൂ. അല്ലാതെ ഒരു പ്ലാൻ ഉണ്ടാക്കിയാലും നടക്കാൻ പോകുന്നില്ല. പട്ടണങ്ങളിലെ സ്ഥിതിഗതികൾ മാറ്റിയെടുക്കുവാൻ സാധിക്കുകയില്ലായെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട്, ജനങ്ങളുടെ പ്രശ്നത്തെപ്പറ്റി ചിന്തിക്കുന്ന ഒരു ഗവൺമെൻറ് ആണെങ്കിൽ; ഈ ഗവൺമെൻറ് ജനങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുന്ന ഗവൺമെൻറാണെന്ന അഭിപ്രായം എനിക്കില്ല; ഈ ഗവൺമെൻറ് പണ്ടേ പോകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ ഗവൺമെൻറ് ഇവിടെ ഭരിക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നത്. അതിനുവേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്, കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി നിലകൊള്ളുന്നത്. പക്ഷേ വേറെ ആരു ഭരിക്കണമെന്നു ചോദിച്ചാൽ.....

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: അങ്ങയുടെ പഴയ പാർട്ടിയുടെ നേതാവ് അടക്കമുള്ള, അതായത് ഇടതുപക്ഷ ജനാധിപത്യ മുന്നണി എറണാകുളത്ത് യോഗം ചേർന്ന് ഈ മുന്നണിക്ക് അഞ്ചു വർഷം ഭരിക്കാനുള്ള അവകാശമുണ്ടെന്നും ഇത് തുടരേണ്ടത് ആവശ്യമാണെന്നും തീരുമാനിച്ചിട്ട് അങ്ങ് ഇപ്പോൾ പാർട്ടി മാറിവന്ന് മാറ്റിപ്പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

ശ്രീ. എം. വി. രാഘവൻ: ശ്രീ. കരുണാകരനും അച്യുതാനന്ദനും ഇ. എം. എസ്സും തമ്മിലുള്ള ഒത്തുകളിയാണല്ലോ ഇവിടെ നടക്കുന്നത്? അതുകൊണ്ടാണല്ലോ ആറു മാസം മുമ്പ് എറണാകുളത്ത് വച്ച് ശ്രീ. അച്യുതാനന്ദൻ പ്രസംഗിച്ചത്. ഈ ഗവൺമെൻറ് അഞ്ചുകൊല്ലം ഭരിക്കണമെന്ന്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇവിടെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം നടക്കുമ്പോൾ അപ്പുറത്തുള്ള നിങ്ങളുടെ ബാക്കി കൂട്ടാളികളൊക്കെ എവിടെ പോയിയെന്ന വല്ല വിവരവും അങ്ങേക്കറിയാമോ?

ശ്രീ. എം. വി. രാഘവൻ: അവരും നിങ്ങളും തമ്മിലുള്ള ഒത്തുകളി നടക്കുകയാണ്. അല്ലാതെ അവർ എവിടെ പോയിയെന്നും എന്തിനാണ് പോയതെന്നും എനിക്കറിയില്ല. എന്നോട് പറഞ്ഞിട്ടുമില്ല. ഞാനും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷമാണ്. പ്രതിപക്ഷം നിയമസഭ ബോയ്ക്കോട്ട് ചെയ്യുന്നുവെന്ന് പത്രത്തിൽ വായിച്ചു. അങ്ങനെയാണെന്ന് പ്രതിപക്ഷം എന്നോടു പറഞ്ഞിട്ടില്ല. ശ്രീ. കരുണാകരൻ രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ചാണ് അവർ പോയത്. ശ്രീ. കരുണാകരൻ പണ്ടേ പോകണമെന്നാണ് ഞാൻ പറഞ്ഞത്. അപ്പോൾ കരുണാകരൻ പോകണ്ട, കരുണാകരന് അഞ്ചു കൊല്ലത്തെ മാൻഡേറ്റുണ്ട്, അഞ്ചുകൊല്ലം ഭരിക്കട്ടെ എന്നാണ് അന്ന് ആറു പാർട്ടികളുടെ കൺവെൻഷനിൽ ശ്രീ. അച്യുതാനന്ദൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട എം. വി. രാഘവൻ ഇപ്പോൾ ശ്രീ. കരുണാകരൻ പോകണമെന്നും ശ്രീ. അച്യുതാനന്ദൻ വരുതെന്നും പറയുന്നു. പിന്നെ ആരു വരണമെന്നാണ് പറയുന്നത്?

ശ്രീ. എം. വി. രാഘവൻ: ആരു വരണമെന്നു പറഞ്ഞാൽ ഈ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തി അധികാരത്തിൽ വരണം. സി. പി. എം. ഇപ്പോൾ സി. എം. പി. വിരുദ്ധ മുന്നണിയിലാണ്. അതുകൊണ്ട് അവർ ഇപ്പോൾ നിങ്ങളെ സഹായിക്കുന്ന ഇടപാടല്ലേ ഉള്ളത്. ഞാൻ പണ്ടേ കരുണാകരൻ പോകണമെന്നുള്ള അഭിപ്രായക്കാരനാണ്. ഇപ്പോഴും ഞാൻ അവിടെത്തന്നെയാണ് നിൽക്കുന്നത്. ശ്രീ. കരുണാകരന് ഒരു നിമിഷംപോലും ഭരിക്കാൻ അർഹതയില്ലെന്നാണ് എന്റെ അഭിപ്രായം. കോടതി പറഞ്ഞോ ഇല്ലയോ എന്നല്ല, കോടതി പലതും പറയും. കോടതി പറയുന്നതനുസരിച്ചുമാത്രം രാഷ്ട്രീയം തീരുമാനിക്കുവാൻ കഴിയുകയില്ല. പക്ഷെ ശ്രീ. കരുണാകരന് കോടതിയോട് വലിയ ബഹുമാനമാണല്ലോ? മഹത്തായ കോടതിയെന്നാണല്ലോ പറയുന്നത്. എനിക്ക് കോടതിയെപ്പറ്റി മഹത്തായ അഭിപ്രായമൊന്നുമില്ല. അതുകൊണ്ടാണ് ഞാൻ ശ്രീ. കരുണാകരനോട് പറഞ്ഞത്, നിങ്ങൾ മഹത്തായ കോടതി എന്നാണ് പറയുന്നതെങ്കിൽ നിങ്ങൾ കോടതി വിധി വന്നാൽ രാജിവച്ച് പോകണമെന്ന്. അല്ലാതെ എനിക്ക് കോടതിയെപ്പറ്റി വലിയ വിലയൊന്നുമില്ല. വില ഇല്ലെന്നു പറഞ്ഞാൽ കോടതി അലക്ഷ്യമായിപ്പോകുമോ എന്നു സംശയമുണ്ടെങ്കിലും എനിക്ക് കോടതിയെപ്പറ്റി വലിയ വിലയില്ല. കാരണം ഫുൾ ബെഞ്ച് പറഞ്ഞു സത്യപ്രതിജ്ഞ ചെയ്യിക്കേണ്ടതു മുഖ്യമന്ത്രിയാണെന്ന്. ഇപ്പോൾ സിംഗിൾ ബെഞ്ച് പറയുന്നു ചെയ്തത് തെറ്റാണെന്ന്. ഞാൻ ശ്രീ. ബാലകൃഷ്ണപിള്ളയോടും മുഖ്യമന്ത്രിയോടും പറയുന്നത് കോടതിയോട് ബഹുമാനമുണ്ടെന്നും കോടതിയെ ബഹുമാനിക്കുന്നു എന്നും പറയുന്ന നിങ്ങൾ രാജിവച്ച് പോവുകയാണ് നല്ലതെന്നാണ്. പക്ഷേ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയായ ഞങ്ങൾക്ക് കോടതി പറയുന്നതനുസരിച്ച് രാഷ്ട്രീയം തീരുമാനിക്കുവാൻ കഴിയുകയില്ല. കോടതി മുമ്പ് ഒന്നു പറഞ്ഞു; ഇപ്പോൾ വേറൊന്നു പറയുന്നു. ഇനി മറ്റൊന്നു പറയും. അത് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കും.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഞങ്ങൾക്ക് കോടതിയോട് ബഹുമാനമുള്ളതുകൊണ്ടാണ് സിംഗിൾ ബെഞ്ചു പറഞ്ഞതിനെ അംഗീകരിക്കേണ്ടതില്ലെന്ന് ഡിവിഷൻ ബെഞ്ചു പറഞ്ഞപ്പോൾ അതംഗീകരിച്ചിട്ട് ഞങ്ങൾ നിൽക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ഇനിയും ഓരോന്ന് പറഞ്ഞുകൊണ്ടിരിക്കും. നിങ്ങൾക്ക് കോടതിയോട് ബഹുമാനമുണ്ടെന്നു പറഞ്ഞാൽ നിങ്ങൾ കോടതിയോട് എന്തു ബഹുമാനമാണ് കാണിക്കുന്നത്? ഒരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു, സത്യപ്രതിജ്ഞ ചെയ്യിക്കാൻ, അതനുസരിച്ച് നിങ്ങളും സത്യപ്രതിജ്ഞ ചെയ്തു. ഇപ്പോൾ കോടതി പറഞ്ഞത് നിങ്ങളും ചെയ്തത് തെറ്റാണെന്നാണ്. അപ്പോൾ നിങ്ങളും ഇറങ്ങുമോ? അതല്ലേ രാഷ്ട്രീയത്തിന്റെ സ്ഥിതി?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): പണ്ട് നിങ്ങളും എല്ലാം ഒന്നിച്ചിരുന്നപ്പോൾ, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ കോർട്ടലക്ഷ്യ കുറ്റത്തിന് ശിക്ഷിച്ചപ്പോൾ ഒരു രൂപയാണ് ശിക്ഷിച്ചത് അതുകൊണ്ട് രാജിവയ്ക്കണം എന്ന് പറഞ്ഞവരല്ലേ നിങ്ങളും?

ശ്രീ. എം. വി. രാഘവൻ: ശ്രീ. ഇ. എം. എസ്സിനും എനിക്കും കോടതിയെപ്പറ്റി വലിയ വിലയില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ലേ? ഇപ്പോൾ ഇ. എം. എസ്. മാറിയിട്ടുണ്ടോ എന്ന് അറിയില്ല. ഞങ്ങൾ കോടതി പറയുന്നതനുസരിച്ച് രാജിവയ്ക്കാൻ പണ്ടും തയ്യാറായിട്ടില്ല, ഇപ്പോഴും തയ്യാറല്ല, കോടതി ഇനിയും മാറി പറയും. അപ്പോൾ എന്താണ് ചെയ്യുക? നിങ്ങളുടെ പാർട്ടിയിലെ ശ്രീ. ബാലകൃഷ്ണപിള്ളക്ക് നടപ്പില്ല. കാരണം ഇവിടെ വിദേശത്തെ പട്ടാളത്തെ ഉണ്ടാക്കി, ഗവൺമെന്റുണ്ടാക്കി, ഇൻഡ്യാ ഗവൺമെന്റിനോട് യുദ്ധം ചെയ്യാൻ തീരുമാനിച്ചു. എന്നിട്ട് ആ ലാൽഡങ്ക ഇപ്പോൾ ഇൻഡ്യയിൽ മുഖ്യമന്ത്രിയാണ്. അതിലധികം എന്താണ് ഉള്ളത്? തമിഴ്നാട്ടിൽ ഭരണഘടന കത്തിക്കൽ എന്റെ മൗലികാവകാശമാണെന്നാണ് കരുണാനിധി മിനിഞ്ഞാന്ന് പറഞ്ഞത്. ആ കരുണാനിധിയുമായിട്ട് ഇപ്പോൾ സി. പി. ഐ. യും സി. പി. എം. ഉം അതുപോലെതന്നെ ജനതാപാർട്ടിയും ഐക്യമുന്നണിയിലാണ്. ഞാൻ ഇന്നലെ ശ്രീ. ബേബി ജോണിനോട് ചോദിച്ചു, സ്വതന്ത്ര കേരളത്തിന് വാദിച്ച കെ. എസ്. പി. യുമായിട്ട് ഞങ്ങൾ പണ്ട് ഐക്യമുന്നണിയുണ്ടാക്കിയില്ലേ എന്ന്. ശ്രീ. ബേബി ജോൺ കെ. എസ്. പി. ക്കാരനല്ലേ? സ്വതന്ത്ര കേരളമല്ലേ മുദ്രാവാക്യം? നിങ്ങളുടെ ബാലകൃഷ്ണപിള്ളയ്ക്ക് നടപ്പില്ലെന്ന് ശ്രീ. ടി. എം. ജേക്കബ് മനസ്സിലാക്കണം. ഉണ്ടെങ്കിൽ അദ്ദേഹം ധൈര്യമായിട്ട് പറയുമായിരുന്നു കോച്ച് ഫാക്ടറി പാലക്കാട്ടു നിന്ന് മാറിയപ്പോൾ ഞാൻ പറഞ്ഞതാണ് എന്ന്. അന്നേരം ധൈര്യമായി പറയണമായിരുന്നു. ഞാൻ ഇപ്പോഴും പറയുകയാണ് കോടതി എന്തു പറഞ്ഞാലും തരക്കേടില്ല, കേരളത്തെ അവഗണിക്കുകയോ അല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് എതിരായി അവഗണന കാണിക്കുകയോ ചെയ്താൽ അതിനെപ്പറ്റി ശക്തിയായി പറയും. കോച്ച് ഫാക്ടറി കേരളത്തിന് കിട്ടേണ്ടതാണ്. അത് പഞ്ചാബിൽ പോയി. റെയിൽവേക്കു വേണ്ടി ഇപ്പോൾ ബഡ്ജറിൽ ഒന്നുമില്ല. കേരളത്തെ എല്ലാ വിധത്തിലും അവഗണിക്കുകയാണ്. അതുകൊണ്ട് സെന്റിമെന്റ് ഉപയോഗിച്ച് കേരളത്തിന്റെ അവകാശങ്ങൾക്കു വേണ്ടിയോ സംസ്ഥാനത്തിന്റെ മറ്റ് ആവശ്യങ്ങൾക്കു വേണ്ടിയോ ഉള്ള നടപടികളെ ആരെങ്കിലും എതിർത്ത് തോൽപ്പിക്കാമെന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ലെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

സർ, അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിലെ കയ്യാങ്കളി ഞാൻ ഇപ്പോൾ അവസാനിപ്പിച്ച മട്ടാണ്. സി. പി. എം. പറഞ്ഞിട്ടാണ് നിയമസഭയിൽ മുമ്പ് ഭക്ഷ്യപ്രശ്നത്തിന്റെ പേരിൽ ഞാൻ നടപടിയെടുത്തത്: എന്റെ കൂടെയുള്ള എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

മാർ എന്നെ പുറത്താക്കിയപ്പോൾ അവരിൽ ശ്രീ. അച്യുതാനന്ദൻ തന്നെ പറയുന്നത് രാഘവൻ പണ്ട് തെമ്മാടിത്തം ഈ അസംബ്ലിയിൽ കാണിച്ചു വെന്ന്. ഇന്നലേയും മിനിയാന്നും കാണിച്ച തെമ്മാടിത്തത്തിന് ആരെയാണ് ബലിയാടാക്കുകയെന്നറിഞ്ഞുകൂടാ. ഇപ്പോൾ ഇവിടെ ആളില്ല. ഞാൻ ഇന്നലെ ബേബിജോണിനോടും ഷൺമുഖദാസിനോടും പറഞ്ഞതാണ്. ഇനി ബലിയാടാക്കുന്നത് ചിലപ്പോൾ നിങ്ങളെയായിരിക്കുമെന്ന്. കാരണം രാഘവൻ ഇപ്പോൾ ആ പാർട്ടിയിലില്ലല്ലോ. നിയമസഭയിൽ ചിലപ്പോൾ പ്രക്ഷുബ്ധമായ രംഗങ്ങളുണ്ടാകും. അത് സ്വാഭാവികമാണ്. മനുഷ്യരല്ലേ ഇവിടെയും വന്നിരിക്കുന്നത്. അതൊന്നും ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ സ്ഥിരമായി ഇത്തരം ഏർപ്പാടുകൾ പണ്ട് നടത്തി, അങ്ങനെ നടത്തിയപ്പോൾ ആരെങ്കിലും പാർട്ടിയിൽനിന്ന് പുറത്താക്കിയ ആളിന്റെമേൽ വച്ചുകെട്ടുന്നു. ആ ഒരു സ്ഥിതി സി. പി. എം. നേതൃത്വം മാറണം. അവർ ഇന്ന് ഉണ്ടായിരുന്നുവെങ്കിൽ ഞാൻ അത് ശക്തിയായിട്ട് പറയുമായിരുന്നു. അവർ ഇല്ലാത്തപ്പോൾ പിന്നെ ആരോട് പറയാനാണ്. അതുകൊണ്ട് ഞാൻ പറയുന്നില്ല. ആ നിലപാട് അവർ ഉപേക്ഷിക്കണം എന്നുമാത്രമേ ഞാൻ അവരോട് പറയുന്നുള്ളൂ. ഒന്നുമില്ലെങ്കിൽ പത്രത്തിലെങ്കിലും വായിച്ച് അവർ മനസ്സിലാക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ നിലപാട് വളരെ വ്യക്തമാണ്. ഞങ്ങൾ അർത്ഥശങ്കയ്ക്കിടയില്ലാത്തവിധംതന്നെ അതിനെപ്പറ്റി വ്യക്തമാക്കിയിട്ടുണ്ട്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിൽ കയ്യാങ്കളി എന്നുള്ളതിന് ഞങ്ങളില്ല. നിയമസഭ ബഹിഷ്ക്കരണവും ഞങ്ങൾ ചെയ്യാറില്ല. ഈ കോടതി വിധിയെ അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് എടുത്ത നടപടിയെപ്പറ്റി ഞങ്ങളുടെ അഭിപ്രായം ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നിങ്ങൾ കോടതിയെ മാനിക്കുന്നവരെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ഇറങ്ങിപ്പോകണം എന്ന് ഞങ്ങൾ പറയുന്നു. നിങ്ങൾ ഇറങ്ങിപ്പോകണമെന്ന് ഇപ്പോൾ മാത്രമല്ല പറയുന്നത്. ഒരു നിമിഷംപോലും ശ്രീ. കരുണാകരൻ അവിടെയിരിക്കാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. നേരത്തെ തെരഞ്ഞെടുപ്പിനുതന്നെ ഞാൻ പറഞ്ഞതായിരുന്നു ശ്രീ. കരുണാകരനെ അന്നേരം ഇറക്കിവിടാമെന്ന്.

സർ, അപ്പുറത്ത് ഇപ്പോൾ ഗോർബച്ചോവ് വന്നിട്ടുണ്ട്. ഇവരെ ചെവിക്കുപിടിക്കും. പത്രം വായിച്ചാലറിയാം ഇവിടെ കുഴപ്പമുണ്ടെന്ന്. അതുകൊണ്ടാണ് അവർ പോയത്. ഗോർബച്ചോവ് അവിടെ വന്നിട്ടുണ്ട്. ഞങ്ങൾ 1968—ൽ പാസ്സാക്കിയിട്ടുള്ള ഈ ബർദ്വാൻ റെസല്യൂഷൻ എന്നു പറയുന്ന സി. പി. എം.—ന്റെ റെസല്യൂഷനിൽ സോവിയറ്റ് പാർട്ടിയെ തന്നെ വിമർശിച്ചു. സ്വന്തം വിദേശനയത്തെ അനുകൂലിക്കുന്ന മുതലാളിത്ത രാജ്യങ്ങളിലെ കക്ഷികൾക്ക് എല്ലാ സഹായവും ചെയ്തുകൊടുത്ത് അവിടെ തൊഴിലാളി പ്രസ്ഥാനത്തെ നശിപ്പിക്കുന്നുവെന്നാണ് വിമർശനം. ആ വിമർശനം ഞങ്ങൾക്ക് ഇപ്പോഴും ബാക്കിയുണ്ട്. സി. പി. ഐ. ക്കാർക്ക് പണ്ടേയില്ല. സി. പി. എം. കാർ ഇപ്പോൾ ഉപേക്ഷിച്ചു. സോവിയറ്റ് യൂണിയനിലേയ്ക്ക് ഇപ്പോൾ സി. പി. ഐ. കാരും പകുതി പോകുന്നു. സി. പി. എം. ക്കാരും പകുതിപോകുന്നു. ശ്രീ. ഗോർബച്ചോവ് ഇപ്പോൾ അവരേയും കാണുന്നുണ്ട്. ശ്രീ. രാജീവ് ഗാന്ധി ചിലപ്പോൾ ഗോർബച്ചോവിന് നിർദ്ദേശം കൊടുത്തിട്ടുണ്ടാകും അവിടത്തെ കമ്മ്യൂണിസ്റ്റുകാരെ

LIBRARY ARCHIVES Kerala Legislative Assembly

നന്നാക്കണമെന്ന്. ഞാൻ ഒരു കാര്യം പറയാം. എനിക്ക് സോവിയറ്റ് യൂണിയനെപ്പറ്റി ബഹുമാനമാണ്, കാരണം കമ്മ്യൂണിസം കെട്ടിപ്പടുക്കുന്ന രാജ്യമാണ്. ചൈനയെപ്പറ്റിയും ബഹുമാനമാണ്. എല്ലാ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളെപ്പറ്റിയും ബഹുമാനമാണ്. പക്ഷേ, അവരുമായി ചങ്ങാതിത്വത്തിലാണ് ഇൻഡ്യയിലെ ശ്രീ. രാജീവ് ഗാന്ധി എന്നുള്ളതുകൊണ്ട് സോവിയറ്റ് പാർട്ടിയുമായി നിങ്ങളും ചങ്ങാതിത്വത്തിലായിക്കൊള്ളണം, അവരുമായി തെറ്റിയാൽ നിങ്ങളും തെറ്റിക്കൊള്ളണം എന്ന് ആരെങ്കിലും പറഞ്ഞാൽ അംഗീകരിക്കാൻ കമ്മ്യൂണിസ്റ്റ്—മാർക്സിസ്റ്റ് പാർട്ടി തയ്യാറല്ല. അതാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നയം. അതിനെപ്പറ്റി മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ. അതുകൊണ്ട് ഏതായാലും എനിക്ക് പറയാനുള്ളത് ഈ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് ശ്രീ. മാണിയോട് പറയാനുള്ളത് നിങ്ങളും ഈ ടൗൺ പ്ലാനിംഗിന്.....ശ്രീ. മാണി പണ്ടും അദ്ധ്വാനവർഗ്ഗത്തിന്റെ പാർട്ടിയാണെന്നാണ് പറയുന്നത്. ഈ അദ്ധ്വാനവർഗ്ഗം എന്നു പറയുന്നത് പട്ടണത്തിലെ.....

ശ്രീ. പി. സി. ജോർജ്ജ്: സർ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പടവാൾ എന്നാണ്.

ശ്രീ. എം. വി. രാഘവൻ: സർ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പടവാൾ എന്നുപറഞ്ഞാൽ—അദ്ധ്വാന വർഗ്ഗമെന്നുപറയുന്നത് അവിടെയുള്ള ചുമട്ടുതൊഴിലാളിയും, ആട്ടോറിക്ഷാക്കാരനും, ടാക്സിക്കാരനുമാണ്. അവരാണ് ചെറുകുടിലുകളിൽ താമസിക്കുന്നത്. അവിടെയുള്ളവർ അവശതയനുഭവിക്കുന്നവരാണ്. ആ അദ്ധ്വാന.....

ശ്രീ. പി. സി. ജോർജ്ജ്: സർ, ചെറുകിട കൃഷിക്കാരനെക്കൂടി ശ്രീ. രാഘവൻ കൂട്ടിയാൽ ഞങ്ങളുമായി വളരെ യോജിപ്പായിരിക്കും.

ശ്രീ. എം. വി. രാഘവൻ: സർ, ആ അദ്ധ്വാനവർഗ്ഗത്തെ സഹായിക്കാൻവേണ്ടി ഈ ടൗൺ പ്ലാനിംഗിനെ ഉപയോഗിക്കണം. നമ്മുടെ പട്ടണങ്ങളിലെ ചുമട്ടുതൊഴിലാളികളും, ആട്ടോറിക്ഷാക്കാർ, ടാക്സിക്കാർ, അവരെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങളാണ് വലിയ പരാതിയാണ്. അവർ വളരെ പാവപ്പെട്ടവരാണ്. അവരെ സഹായിക്കണമെങ്കിൽ അവർക്ക് വീടുവച്ചുകൊടുക്കണം. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. അല്ലാതെ അടുത്ത ബില്ലിലുൾപ്പെടുത്തുകൊണ്ടല്ല. അങ്ങനെ വീടു വച്ചുകൊടുക്കുന്നത് അടുത്ത ബില്ലിൽ സാധിക്കുകയില്ല. ഈ ടൗൺ പ്ലാനിംഗിലേ സാധിക്കുകയുള്ളൂ. അവരെ ചില ട്രെയിഡ് യൂണിയൻകാർ തകരാറിലാക്കിയിരിക്കുകയാണ്. അവരെക്കൊണ്ട് ചുമടെടുപ്പിച്ച്, അവിഹിതമായിട്ടുള്ള പണം മറ്റ് നാട്ടുകാരൻ തട്ടിയെടുക്കുന്നു. എന്നിട്ട് ട്രെയിഡ് യൂണിയൻകാരാണ് അവരെ ബുദ്ധിമുട്ടിലാക്കിയത്. അവരെ സഹായിക്കാൻ സാധിക്കണമെങ്കിൽ, അവരെ മാന്യമായി ജീവിപ്പിക്കാൻ സാധിക്കണമെങ്കിൽ, ഈ ടൗൺ പ്ലാനിംഗിൽ ഇത്തരം വിഭാഗത്തിലെ കേരളാ കോൺഗ്രസ്സിന്റെ അദ്ധ്വാനവർഗ്ഗത്തിന് വേണ്ട സംരംക്ഷണം ബഹുമാനപ്പെട്ട മന്ത്രി നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹ്നാൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുകയാണ്. ഇതിൽ പറഞ്ഞിരിക്കുന്ന ഭേഗതികൾ വളരെ ചെറുതാണെങ്കിൽപ്പോലും നഗരാസൂത്രണം നേരത്തെ പലരും ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ വിശദമായി ചർച്ച ചെയ്യേണ്ട സംഗതിയാണ്. വളരെ നിർഭാഗ്യമെന്നുപറയട്ടെ നമ്മുടെ നാട്ടിൽ നഗരാസൂത്രണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ ഇന്ന് എത്രമാത്രം ശരിയാണെന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഇന്ന് നഗരാസൂത്രണത്തിന്റെ പേരിൽ നമ്മുടെ പല നഗരങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളും കേവലം ചില കെട്ടിടങ്ങളും പണിചെയ്യുക, ചില റോഡുകളും നിർമ്മിക്കുകയെന്നുള്ളതാണ്. അങ്ങനെ കുറച്ചുറോഡുകളും കെട്ടിടങ്ങളും പണിചെയ്ത് ഭൂമി മറച്ചുവച്ച് അതിന്റെയൊക്കെ പേരിൽ ചില കൃത്രിമങ്ങളും കാണിക്കുകയെന്നുവച്ചാൽ കാര്യമായ ആസൂത്രണം നടക്കുന്നില്ല. നഗരങ്ങളുടെ കാര്യത്തെക്കുറിച്ച് ശ്രീ. മുഹമ്മദാലി നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ആ നഗരങ്ങളുടെ ബഹുമുഖമായ വളർച്ചയെ പ്രതിനിധാനം ചെയ്യുന്ന ആസൂത്രണം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുണ്ടോയെന്ന കാര്യം സംശയമാണ്. ഇന്ന് നമ്മുടെ പല പ്രധാനപ്പെട്ട നഗരങ്ങളും നരകങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. നഗരത്തിൽ താമസിക്കുന്ന ആളുകൾ നഗരമേ നന്ദി എന്നുപറഞ്ഞുകൊണ്ട് അവിടെ നിന്ന് എങ്ങനെ മാറിത്താമസിക്കണമെന്നുള്ളതിനെക്കുറിച്ചുപോലും ആലോചിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണിത്. നമ്മുടെ നാട്ടിലെ ഏത് കൊച്ചു നഗരമെടുത്താലും ആ കൊച്ചുനഗരം പ്രകൃതിദത്തമായിതന്നെ മനോഹരമാണ്. പക്ഷേ, ആ നഗരങ്ങളെ മോടിപിടിപ്പിക്കുന്നതിനും, അവിടെ ജീവിക്കുന്ന മനുഷ്യന്റെ ജീവിതം, അതുപോലെതന്നെ മറ്റെല്ലാ വശങ്ങളും വളരെ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഒരു നടപടിയും ഇവിടെ എടുക്കുന്നില്ല. ഇപ്പോഴും നമ്മൾ ഡെവലപ്പ്മെന്റ് അതോറിറ്റികളൊക്കെയുണ്ടാക്കിയിട്ടുണ്ട്. ഒരു നഗരത്തിന്റെ മാത്രം ഉദാഹരണം ഇവിടെ പറയാം. അതായത് എറണാകുളം നഗരത്തിന്റെ കാര്യം.

സർ, എറണാകുളം നഗരത്തിൽ ഇടത്തുക്കിടയ്ക്ക് വരുന്ന വ്യക്തിയാണ് അങ്ങ്. എറണാകുളം പട്ടണം മനുഷ്യനു ജീവിക്കാൻ കഴിയാത്ത രീതിയിൽ ഇന്ന് മാറിക്കൊണ്ടിരിക്കുകയാണ്. 22 വർഷംമുമ്പാണ് എറണാകുളം പട്ടണത്തിൽ ചില റോഡുകളൊക്കെ ഉണ്ടായത്. അതിനു ശേഷം ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി വന്നപ്പോൾ നമ്മളൊക്കെ പ്രതീക്ഷിച്ചതും ചിന്തിച്ചതും എറണാകുളം പട്ടണത്തിന്റെ സമഗ്രമായ വികസനത്തെ മുൻനിറുത്തിക്കൊണ്ടുള്ള നടപടികൾ അവിടെയുണ്ടാകുമെന്നാണ്. ഇന്ന് ആ എറണാകുളം പട്ടണത്തിൽ 22 വർഷക്കാലം മുമ്പുണ്ടായിരുന്ന റോഡുകൾ മാത്രമേ ഇന്നുള്ളൂ.

സർ, ഡൽഹി ഡെവലപ്പ്മെന്റ് അതോറിറ്റിയെക്കുറിച്ചൊക്കെ നമുക്കറിയാം. അതുപോലെതന്നെ ശാസ്ത്രീയമായി ആസൂത്രണം ചെയ്തിരിക്കുന്ന ഇൻഡ്യയിലെ ഏറ്റവും നല്ല നഗരമായ ചാണ്ഡീഗറിനെക്കുറിച്ചൊക്കെ നമുക്ക് പോകാനും, പഠിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും സാധിക്കും. വളരെ വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കപ്പെട്ട ആ നഗരങ്ങളിൽ ഇന്നും മനുഷ്യന് ജീവിക്കാനും, അവന് ശ്വാസോച്ഛ്വാസം ചെയ്യാനും, ശുദ്ധവായു ശ്വസിക്കാനുമുള്ള സാഹചര്യം ഉണ്ടെങ്കിൽ നമ്മുടെ നഗരമായ എറണാകുളം പട്ടണം പോലുള്ള പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് വളരെ ബുദ്ധിമുട്ടാണ്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ശ്രീ. ഹംസദാദുഞ്ഞ് ഒരു കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് എറണാകുളം പട്ടണത്തിൽ രാവിലെ എഴുന്നേറ്റാൽ മൂടൽമഞ്ഞാണ്. അവിടെ ജീവിക്കുന്ന ആളുകൾക്ക് ഈ രീതിയിൽ പോയാൽ വല്ല ക്ഷയ രോഗമോ അല്ലെങ്കിൽ മറ്റ് രോഗങ്ങളോ പിടിപെട്ട് മരിക്കും. നഗരാ സൂത്രണം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ റോഡുകളുണ്ടാ ക്കുകയെന്നുള്ളതു മാത്രമല്ല. അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പൊല്യൂഷൻ, ആ പൊല്യൂഷനെക്കുറിച്ചും, അത് ഇല്ലാതാക്കുന്നതിനെ ക്കുറിച്ചുമൊക്കെ എന്തെങ്കിലും പരിപാടികൾ ഇത്തരം ആസൂത്രണങ്ങൾ നടത്തുമ്പോൾ നടത്തുന്നുണ്ടോ എന്ന് എനിക്ക് സംശയമാണ്. നേരത്തെ ശ്രീ. മുഹമ്മദാലി ഉപനഗരങ്ങൾ ഉണ്ടാക്കുന്നതിനെപ്പറ്റി സൂചിപ്പിച്ചു. ഇന്ന് ഡെവലപ്പ്മെന്റ് അതോറിറ്റി എറ്റവും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നുപറയുന്ന പ്രദേശമാണ് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി. ആ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് തൃക്കാക്കര മേഖല. പക്ഷേ, ആ തൃക്കാക്കര മേഖലയിലേയ്ക്ക് എറണാ കുളത്തുനിന്ന് പോകുന്നതിന് വേണ്ടത്ര റോഡുകൾപോലും ശരിയാക്കു ന്നതിനോ, വികസിച്ചുവരുന്ന പ്രദേശമായ തൃക്കാക്കരയെങ്കിലും അൽപമൊന്ന് പ്ലാൻ ചെയ്ത് മനോഹരമാക്കിക്കൊണ്ടുപോകുന്നതിന് ഇന്ന് സാധിച്ചിട്ടുണ്ടോ? ''നാട്ടുപ്രധാനം നഗരം ദരിദ്രം നാട്ടിൻപുറം നൻമകളാൽ സമൃദ്ധം'' എന്നു പറഞ്ഞ ആ നാട്ടിൻപുറത്തുനിന്ന് ആളുകൾ നഗരത്തിൽപോയി താമസിക്കുന്നു; ദരിദ്രമാണെന്നറിഞ്ഞിട്ടും. അവർക്ക് അവിടെ താമസിക്കേണ്ട ഗതികേടുവരുന്നു. സ്ലംസിനെപ്പറ്റി യൊക്കെ ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിയെ പോലുള്ള ആളുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് പല പ്രധാനപ്പെട്ട നഗരങ്ങ ളിലും സ്ലംസ് മാറ്റാൻ ശ്രമിക്കുന്നില്ല. പലപ്പോഴും മനുഷ്യൻ ജോലി ക്കുവേണ്ടിയും, അതുപോലെതന്നെ ഫാക്ടറി ജോലിക്കുവേണ്ടിയും മറ്റ് ഉദ്യോഗങ്ങൾക്കുവേണ്ടിയും നഗരങ്ങളിൽപോയി താമസിക്കേണ്ട ഗതി കേട് വരുന്നു. അങ്ങനെ താമസിക്കാൻ പോകുന്ന ആളുകൾ അവരുടെ ആരോഗ്യം നഷ്ടപ്പെട്ട്, അവർ ഒന്നിൽനിന്നും രക്ഷപ്പെടാതെ വേണ്ടത്ര യാതൊരു ആസൂത്രണവുമില്ലാതെ കഴിയുന്നു. ഒരു കാര്യം ചൂണ്ടിക്കാ ണിക്കാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിന്റെ ഭേദഗതിയിൽ ഡെവലപ്പ് മെന്റ് അതോറിറ്റികളുടെ കീഴിൽ വരുന്ന ആ പ്രദേശം ഉൾക്കൊള്ളുന്ന ർ.എം. എൽ. എ. മാരെ ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ അംഗങ്ങളാ ക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ചിലപ്പോഴൊക്കെ നമ്മുടെ പ്രദേശങ്ങളിൽ അസംബ്ലിയില്ലാതിരിക്കും. അസംബ്ലിയില്ലാത്ത സമയത്താണെങ്കിൽ പോലും നേരത്തേ പ്രതിനിധാനംചെയ്യുന്ന ആളുകൾക്ക് പിന്നീട് തിരഞ്ഞെടുപ്പ് കഴിഞ്ഞ് അസംബ്ലി വരുന്നതുവരെ അവിടെ പ്രതിനി ധാനം ചെയ്യാനുള്ള അവസരമുണ്ടാകണം.

സർ, അതുപോലെതന്നെ സാങ്കേതികമായ ഒരു കാര്യം ചൂണ്ടിക്കാ ണിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഡെവലപ്പ്മെന്റ് അതോറി റ്റിയിലെ ജീവനക്കാരുടെ പ്രശ്നമുണ്ട്. ഇന്ന് അവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. പല അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ ഡെവലപ്പ്മെന്റ് അതോറിറ്റിയിലെ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പല നിവേദനങ്ങൾ നടത്തുകയും, ബഹുമാനപ്പെട്ട മന്ത്രി പലപ്പോഴും അത് പരിഗണിക്കാമെന്ന് പറഞ്ഞിട്ടുമുണ്ട്. ഇവിടെ ടൗൺ പ്ലാനിംഗിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ചും അതോറിറ്റികളെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യുമ്പോൾ ഡെവലപ്പ്മെന്റ് അതോറിറ്റിയിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന കാര്യംകൂടി പരിഗണിക്കണമെന്നും, ഇന്ന് കേവലം നരകങ്ങളായി മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങളെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ വളരെ പ്രസക്തമായ കാര്യങ്ങളും നിർദ്ദേശങ്ങളുമാണ് ഇവിടെ മുന്നോട്ടു വച്ചിരിക്കുന്നത്. ഞാൻ അതിൽ പലതിനോടും യോജിക്കുകയാണ്. പക്ഷേ ഈയൊരു നിയമം അതിന് ഉപകരിക്കുന്നതാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. നമ്മുടെ ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യകളുടേയുമൊക്കെ വികാസത്തിന്റെ ഫലമായി സമൂഹം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്, മാറ്റം ഏറ്റവും കൂടുതൽ നഗരങ്ങളിലാണ്. അങ്ങനെ മാറുന്ന ഒരു സാഹചര്യത്തിൽ നഗരത്തിന് ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയണമെങ്കിൽ അതനുസരിച്ചുള്ള നിയമങ്ങളും വേണം. നഗരങ്ങളൊക്കെ പണക്കാർക്കു വേണ്ടിയുള്ളതാണെന്ന് ബഹുമാനപ്പെട്ട എം. വി. രാഘവൻ ഇവിടെ പറയുകയുണ്ടായി. എന്നാൽ നഗരങ്ങളിൽ ഏറ്റവും കൂടുതലുള്ളത് പാവപ്പെട്ടവരാണ്. ഒന്നു തലചായ്ക്കാനിടമില്ലാത്ത പാവപ്പെട്ടവർ പേവ്മെന്റിൽ കിടക്കുന്നു. അവർക്ക് വീടുകളുണ്ടാക്കികൊടുക്കണം. ചേരികളിൽ കിടക്കുന്ന ആളുകൾക്ക് അവിടെ സ്ലം ക്ലിയറൻസ് വേണം, അവർക്ക് വെള്ളം കൊടുക്കണം, വെളിച്ചം കൊടുക്കണം. ഇതൊക്കെ പ്രധാനപ്പെട്ട പ്രോബ്ലംസ് ആണ്. അതേസമയത്തു തന്നെ വേറൊരു കാര്യം നഗരത്തിന്റെ മനോഹാരിതയാണ്. മനോഹാരിത പണക്കാർക്കും പാവപ്പെട്ടവർക്കുമൊക്കെ അനുഭവിക്കാവുന്ന ഒരു കാര്യമാണ്. അപ്പോൾ ഇത് പണക്കാർക്കുവേണ്ടിയുള്ളതാണെന്നുള്ള നിഗമനം തെറ്റാണ്. ഏതായാലും ഇന്നത്തെ കാലഘട്ടത്തിൽനിന്നു മാറിവരുന്ന കാലഘട്ടത്തിനനുസരിച്ച് നമ്മുടെ ടൗണുകളെ ഇംപ്രൂവ് ചെയ്യണമെന്നുണ്ടെങ്കിൽ അതിനു പര്യാപ്തമാണ് ഇന്നുള്ള നിയമമെന്ന് എനിക്ക് അഭിപ്രായമില്ല, ഗവൺമെന്റിനും അഭിപ്രായമില്ല. സമഗ്രമായ ഒരു ടൗൺ പ്ലാനിംഗ് ഇംപ്രൂവ്മെന്റ് ആക്ട് നമുക്ക് ഉണ്ടായേ തീരൂ. അതിനെപ്പറ്റി ഗവൺമെന്റ് തീർച്ചയായും അവധാനമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇവിടെ പ്രസംഗിച്ച പല മെമ്പർമാരും പൊതുവായ പരാമർശനങ്ങളിലേക്ക് കടക്കുകയാണുണ്ടായത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെ ലിമിറ്റഡ് ആയിട്ടുള്ള ഒരു പർപ്പസ് മാത്രമേയുള്ളൂ. ഒന്ന്, ഡവലപ്പ്മെന്റ് അതോറിറ്റികളെ സംബന്ധിച്ചിടത്തോളം അതിന്റെ അംഗസംഖ്യ പത്തിനും പതിനഞ്ചിനും ഇടയ്ക്കാക്കി റെഡ്യൂസ് ചെയ്യുന്നു മുമ്പ് ഒരുപാട് അംഗസംഖ്യയുണ്ടായിരുന്നു. അംഗസംഖ്യയെ സംബന്ധിച്ചിടത്തോളം പത്തിനും പതിനഞ്ചിനുമിടയ്ക്ക് റെഡ്യൂസ് ചെയ്യുകയും ഡെവലപ്പ്മെന്റ് അതോറിറ്റിയിലേക്ക് എം. എൽ. എ. മാരുടെ പ്രാതിനിധ്യം കൊണ്ടുവരികയും അതുപോലെതന്നെ അഞ്ചുകൊല്ലംവരെ ഇതിന്റെ പീരിയേഡ് ഉണ്ടായിരുന്നത് മൂന്നുകൊല്ലമെന്ന് റെസ്ട്രിക്ട് ചെയ്യുകയും ചെയ്യുന്ന ഇങ്ങനെയുള്ള ചില ഭേദഗതികളാണ് ഈ നിയമത്തിലുള്ളത്. അതുകൊണ്ട് ഇതിന് ഒരു ലിമിറ്റഡ് പർപ്പസേയുള്ളൂ എന്ന് ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കണം. മറ്റു പൊതുവായി പറഞ്ഞ കാര്യങ്ങളൊക്കെയും തീർച്ചയായും നല്ല കാര്യങ്ങളാണ്. ശ്രീ. എം. വി. രാഘവൻ പറഞ്ഞത് രാഷ്ട്രീയമാണെങ്കിലും അദ്ദേഹം ചില സത്യങ്ങളൊക്കെ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ: സർ, ഒരു ചോദ്യം. അസംബ്ലി ഇല്ലാത്തയവസരത്തിൽ എം. എൽ. എ. മാർക്ക് ഒരു തിരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ ഒരു അസംബ്ലി വരുന്നതുവരെ കണ്ടിന്യൂ ചെയ്യാനുള്ള അധികാരം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: സർ, എം. എൽ. എ. മാരുടെ മെമ്പർഷിപ്പ് പോകുമ്പോൾ പിന്നീട് കണ്ടിന്യൂ ചെയ്യാനായിട്ട് ബുദ്ധിമുട്ടു വരും. എം. എൽ. എ. എന്നുള്ള കപ്പാസിറ്റിയിലാണ് നമ്മൾ കൊടുത്തിരിക്കുന്നത്. അതു സാരമില്ല സർ. ശ്രീ. ബെന്നി ബഹനാൻപ്പോലുള്ള മെമ്പർമാർ ഉടനെതന്നെ അടുത്ത തിരഞ്ഞെടുപ്പിൽക്കൂടി തിരിച്ചു വരുമെന്നുള്ളതിനെപ്പറ്റി വല്ല സംശയവുമുണ്ടോ? ഒരു മാസത്തെ ഒരു ഇടവേളയെന്നുള്ളതൊഴിച്ചാൽ അത് വെറും ഒരു നോഷണലായിട്ടുള്ള കാര്യങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് ഇത് നമുക്ക് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാം. ഇതിൽ വല്ല പോരായ്മകളുമുണ്ടെങ്കിൽ അത് നമുക്ക് നോക്കി പരിഷ്കരിക്കാം.

ശ്രീ. കെ. മുഹമ്മദാലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

1986—ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബിൽ തദ്ദേശഭരണവും സഹകരണവും സംബന്ധിച്ച ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ ഒൻപതാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986—ലെ ജലസേചന നിയമങ്ങൾ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതിന്റെ ചർച്ച ലഘൂകരിക്കാൻവേണ്ടി ഞാനൊന്നു പറഞ്ഞോട്ടേ. ഇതിൽ ഒരു കാര്യവുമില്ല. പൊതുവായി പറയുകയാണെങ്കിൽ ടി. സി. ഏരിയയിൽ സെസ് കൊടുക്കുമ്പോൾ വാട്ടർ സെസ് കൊടുക്കാതിരിക്കുന്നുണ്ടെങ്കിൽ, അല്ലെങ്കിൽ താമസിച്ചുപോയാൽ അതിനു പലിശ ഇടാ

LIBRARY ARCHIVES Kerala Legislative Assembly